**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **10-08-2023 - ൽ മറുപടിയ്ക്ക്**

**മാതാപിതാക്കളെ നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് വേണ്ടി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ? | (എ) | **മാതാപിതാക്കൾ നഷ്ടപ്പെട്ട കുടുംബത്തിലെ കുട്ടികൾക്ക് ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായമായ 2 ലക്ഷം രൂപ വീതം വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് 10 ജില്ലകളിലായി 20 പേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.** |

| നം. | ജില്ല | എണ്ണം |
|---|---|---|
| 1. | പത്തനംതിട്ട | 2 |
| 2. | ആലപ്പുഴ | 2 |
| 3. | കോട്ടയം | 1 |
| 4. | ഇടുക്കി | 2 |
| 5. | എറണാകുളം | 2 |
| 6. | തൃശ്ശൂർ | 6 |
| 7. | പാലക്കാട് | 2 |
| 8. | മലപ്പുറം | 1 |
| 9. | കണ്ണൂർ | 1 |
| 10. | കാസർഗോഡ് | 1 |
| | **ആകെ** | **20** |

**പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന "കൈത്താങ്ങ്" എന്ന പദ്ധതി പ്രകാരം, മാതാപിതാക്കളിൽ ഒരാൾ മരിച്ച പോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ**

| | | | |
|---|---|---|---|
| | | | സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിലേക്ക് കുട്ടികൾക്ക് 18 വയസ്സ് തികയുന്നതു വരെ 2000/- രൂപ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു. 2022-23 വർഷം 502 കുട്ടികൾക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്.<br><br>പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കായി നടപ്പാക്കുന്ന ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ